"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - കുമാരി.നീതു ശശി ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത **OP(KAT) No.411/223** നമ്പർ അപ്പീലിന്മേലുള്ള **18.09.2023** - തീയതിയിലെ വിധിന്യായം പാലിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.**90/2024/HEDN** തീയതി,തിരുവനന്തപുരം, **13-02-2024**

---

പരാമർശം:-

1. സ.ഉ(പി)നം.**12/99**/പി&എ.ആർ.ഡി തീയതി **24.05.1999.**
2. സ.ഉ(പി)നം.**14/2010/P&ARD** തീയതി **12.04.2010**
3. കുമാരി നീതു ശശി സമർപ്പിച്ച **31.05.2011** - ലെ ആശ്രിതനിയമന അപേക്ഷ
4. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ **23.06.2011, 22.09.2015** - ലെ എ1/**26673/2011**/കോ.വി.വ നമ്പർ കത്ത്.
5. ആലപ്പുഴ ജില്ലാ കളക്ടറുടെ **06.11.2013** - ലെ കെഡിസ് **30445/2013**/എ8 നമ്പർ കത്ത്.
6. സർക്കാർ കത്ത് നമ്പർ എഫ്**2/20845/2011**/ഉ.വി.വ തീയതി **25.07.2015.**
7. ആലപ്പുഴ ജില്ലാ കളക്ടറുടെ **20.02.2016** - ലെ എ**8/51393/2014** നമ്പർ കത്ത്.
8. സർക്കാർ കത്ത് നമ്പർ എഫ്**2/75/2015**/ഉ.വി.വ തീയതി**16.11.2016.**
9. സ.ഉ (പി)നം.**5/2018//P&ARD** തീയതി **21.02.2018**
10. **OA No.1192/2022** നമ്പർ കേസിന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **14.02.2023** - ലെ ഉത്തരവ്
11. സ.ഉ (പി)നം.**12/2023/P&ARD** തീയതി **14.07.2023.**
12. **OP(KAT) No.411 of 2023** നമ്പർ അപ്പീലിന്മേൽ ബഹു.ഹൈക്കോടതിയുടെ **18.09.2023** - ലെ വിധിന്യായം

13. കുമാരി.നീതു ശശി സർക്കാരിൽ സമർപ്പിച്ച 29.09.2023 - ലെ നിവേദനം
14. അഡ്വക്കേറ്റ് ജനറലിന്റെ 30.10.2023, 09.01.2024 തീയതികളിലെ SN1-OP(KAT)411/2023 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ, കായംകുളം ഗവണ്മെന്റ് പോളിടെക്‌നിക് കോളേജിൽ കെമിസ്ട്രി വിഭാഗം ലക്ചറർ ആയി സേവനമനുഷ്ഠിക്കവേ 13.08.2004 - ൽ, മരണപ്പെട്ട ജി.എൻ.ശശിധരന്റെ മകൾ കുമാരി.നീതു ശശി ആശ്രിതനിയമനവ്യവസ്ഥ പ്രകാരം കൊല്ലം ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനത്തിനായി പരാമർശം (3)പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (4) - ലെ 23.06.2011 - ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. അപേക്ഷകയ്ക്ക് ആശ്രിതനിയമന പദ്ധതി പ്രകാരം ക്ലർക്ക് തസ്തികയിൽ നിയമനത്തിന് അർഹത ഉണ്ടെന്ന് അപേക്ഷ പരിശോധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (5) പ്രകാരം ശിപാർശ ചെയ്തിരുന്നു.

3. അപേക്ഷയോടൊപ്പം ലഭ്യമാക്കിയിരുന്ന വരുമാന സർട്ടിഫിക്കറ്റിലും, ജില്ലാ കളക്ടറുടെ റിപ്പോർട്ടിനോടൊപ്പം ലഭ്യമാക്കിയ വരുമാന സർട്ടിഫിക്കറ്റിലും വ്യത്യാസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വിഷയത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെയും, ആലപ്പുഴ ജില്ലാ കളക്ടറുടെയും സ്പഷ്ടീകരണം പരാമർശം (6) പ്രകാരം തേടുകയുണ്ടായി.

4. 05.05.2011 - ൽ വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് 4,50,300/- രൂപ വരുമാനം രേഖപ്പെടുത്തിയിരുന്നതെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) - ലെ 22.09.2015 -ലെ കത്ത് പ്രകാരം അറിയിച്ചിരുന്നു.

5. അപേക്ഷകയുടെ മാതാവ് അംബികാ കുമാരിയുടെ ഫാമിലി പെൻഷൻ ഒഴിവാക്കിയും, SBT യിൽ ജോലിയുള്ള ടിയാരിയുടെ Special Allowance & Conveyance Allowance ഉൾപ്പെടുത്തിയുമാണ് 05.05.2011-ൽ 4,50,300/- രൂപയുടെ വരുമാന സർട്ടിഫിക്കറ്റ് നൽകിയതെന്നും, ടി Special Allowance & Conveyance Allowance ഒഴിവാക്കി 4,44,456/- രൂപയും ടിയാളുടെ പേരിലുള്ള 14 സെന്റ് ഭൂമിയിലെ കാർഷികാദായം 1000/- രൂപ കണക്കാക്കിയുമാണ് കുടുംബ വാർഷിക വരുമാനം 4,45,456/- രൂപയെന്ന് തിട്ടപ്പെടുത്തി 28.01.2012 - ൽ വരുമാന സർട്ടിഫിക്കറ്റ് അനുവദിച്ചതെന്നും,ആലപ്പുഴ ജില്ലാ കളക്ടർ പരാമർശം (7) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

6. State Bank of Travancore - ൽ ജോലിയുള്ള അപേക്ഷകയുടെ മാതാവ്, ശ്രീമതി.അംബിക കുമാരിയുടെ Special Allowance & Conveyance Allowance കണക്കാക്കാതെ കൃഷ്ണപുരം വില്ലേജ് ഓഫീസർ 28.01.2012 - ൽ നൽകിയ

വരുമാന സർട്ടിഫിക്കറ്റ് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം ക്രമരഹിതമായതിനാലും, കുമാരി.നീതു ശശി സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിതനിയമനത്തിനായി അപേക്ഷ സമർപ്പിച്ച തീയതിയിൽ നിലനിന്നിരുന്ന പരാമർശം (2) ഉത്തരവ് പ്രകാരം അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനപരിധി നാലരലക്ഷം രൂപ കവിഞ്ഞതിനാലും സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനുള്ള ടിയാരിയുടെ അപേക്ഷ പരാമർശം (8) പ്രകാരം നിരസിച്ചിരുന്നു.

7. പ്രസ്തുത തീരുമാനത്തിനെതിരെ ടിയാരി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണൽ മുൻപാകെ ഫയൽ ചെയ്ത OA 1192/2022 നമ്പർ കേസിലെ ബഹു.ട്രിബ്യുണലിന്റെ പരാമർശം (10) ലെ ഉത്തരവ് പ്രകാരം അപേക്ഷകയുടെ ആവശ്യം നിരസിക്കുകയുണ്ടായി.

8. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യുണലിന്റെ ഉത്തരവിനെതിരെ അപേക്ഷക ബഹു.ഹൈക്കോടതിയിൽ OP(KAT) No.411 of 2023 നമ്പരായി അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. അതിമേൽ ബഹു.ഹൈക്കോടതിയുടെ പരാമർശം (12) പ്രകാരമുള്ള വിധിന്യായത്തിൽ, സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനങ്ങളുടെ ഉദ്ദേശം തന്നെ "Compassionate" ആയതിനാൽ ട്രൈബ്യൂണലിനെ സമീപിക്കുന്നതിലെ കാലതാമസം എല്ലായ്പ്പോഴും നിർണ്ണായകമല്ലെന്ന് നിരീക്ഷിച്ച ബഹു.ഹൈക്കോടതി, ബഹു.ട്രിബ്യുണലിന്റെ പരാമർശം (9) ലെ ഉത്തരവ് set aside ചെയ്യുകയും, പുതുക്കിയ വരുമാന സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ, ഈ വിഷയം വീണ്ടും പരിശോധിച്ച് ഉത്തരവ് ലഭിച്ചു രണ്ട് മാസത്തിനകം തീരുമാനം കൈകൊള്ളണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചു കൊണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കിയിരുന്നു.

9. അപേക്ഷക, ബഹു.ഹൈക്കോടതി ഉത്തരവ് ഉൾപ്പെടെ പരാമർശം (13) പ്രകാരം സർക്കാരിലേക്ക് നിവേദനം സമർപ്പിച്ചിരുന്നു.

10. ബഹു.ഹൈക്കോടതി ഉത്തരവിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 13 പ്രകാരം വരുമാനത്തിന്റെ കാര്യത്തിൽ തർക്കമുണ്ടായാൽ കളക്ടർ റിപ്പോർട്ടു ചെയ്യുന്ന വരുമാനമാണ് പരിഗണിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ, ടി ഉത്തരവിലെ ഖണ്ഡിക 13 (2) - ൽ When salary based income is calculated, the pay including all allowances, except Travelling Allowance shall be reckoned എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. Conveyance Allowance എന്നത് Travelling Allowance - ന്റെ പരിധിയിലാണ് ഉൾപ്പെടുന്നത്. അപേക്ഷകയുടെ മാതാവ് ശ്രീമതി.അംബികാ കുമാരിയുടെ ഫാമിലി പെൻഷൻ ഒഴിവാക്കിയും, SBI - യിൽ ജോലിയുള്ള ടിയാരിയുടെ Special Allowance & Conveyance Allowance ഒഴിവാക്കിയും, ടിയാളുടെ പേരിലുള്ള 14 സെന്റ് ഭൂമിയിലെ കാർഷികാദായം 1000/- രൂപ കണക്കാക്കിയും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്ന കുടുംബ വാർഷിക വരുമാനം

4,45,456/- രൂപയാണ്.അത് കുമാരി.നീതു ശശി അപേക്ഷ സമർപ്പിച്ചിരുന്ന സമയത്ത് നിലനിന്നിരുന്ന പരാമർശം (2) ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിന് നിശ്ചയിച്ചിരുന്ന വരുമാന പരിധിക്കുള്ളിലാണ്.

11. ബഹു.ഹൈക്കോടതിയുടെ പരാമർശം (12) ലെ ഉത്തരവിനെതിരെ ബഹു.സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിയമോപദേശം പരാമർശം (14) പ്രകാരം അഡ്വക്കേറ്റ് ജനറൽ ലഭ്യമാക്കിയിരുന്നു.

12. എന്നാൽ,സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ആശ്രിത നിയമനം നൽകുന്ന വിഷയമായതിനാലും, ആശ്രിത നിയമനങ്ങളുടെ ഉദ്ദേശം തന്നെ "Compassionate" ആയതിനാലും, പരാമർശം (1) ഉത്തരവിലേയും, അതിന്റെ ഭേദഗതികളിലേയും വ്യവസ്ഥകൾക്ക് വിധേയമായും, ആശ്രിത നിയമനങ്ങൾ, ഓരോ വർഷവും വകുപ്പിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 5% - ൽ കൂടുതലാകരുതെന്ന ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും, കായംകുളം ഗവണ്മെന്റ് പോളിടെക്നിക് കോളേജിൽ കെമിസ്ട്രി വിഭാഗം ലക്ചറർ ആയി സേവനമനുഷ്ഠിക്കവേ 13.08.2004 - ൽ, മരണപ്പെട്ട ജി.എൻ.ശശിധരന്റെ മകൾ കുമാരി.നീതു ശശിക്ക് ആശ്രിതനിയമനവ്യവസ്ഥ പ്രകാരം കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി കൊണ്ട് ബഹു.ഹൈക്കോടതിയുടെ പരാമർശം (12) ലെ വിധിന്യായം പാലിച്ചു ഉത്തരവാകുന്നു.

13. പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നേരിട്ടുള്ള നിയമനത്തിനുള്ള അതേ നടപടി ക്രമങ്ങൾ പാലിച്ച് കുമാരി.നീതു ശശിക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടിയാരി ജോലിയിൽ പ്രവേശിക്കുന്ന തീയതി സർക്കാരിനെ അറിയിക്കേണ്ടതുമാണ്. ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ടിയാളുടെ ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യതകൾ, എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ,ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സ്വഭാവ സർട്ടിഫിക്കറ്റ്, സിവിൽ സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ പ്രാക്ടീഷണറിൽ നിന്നുള്ള മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, മുതലായവയുടെ അസ്സൽ സാക്ഷ്യപത്രങ്ങൾ എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം നിയമനം നൽകാവുന്നതാണ്.

14. പരാമർശം (9) ഉത്തരവ് പ്രകാരമുള്ള സംരക്ഷണ സമ്മത മൊഴി അപേക്ഷക നിയമനാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.സംരക്ഷണ സമ്മത മൊഴി ലംഘിക്കുന്ന പക്ഷം പ്രതിമാസ അടിസ്ഥാന ശമ്പളത്തിൽ നിന്നും 25% തുക പിടിക്കുന്നതിനുള്ള ഒരു സമ്മത പത്രം കൂടി പരാമർശം (11) ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷക നിയമനാധികാരിക്ക് സമർപ്പിക്കേണ്ടതാണ്.

15. പരേതനായ ജി.എൻ.ശശിധരന്റെ സേവനപുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നല്കിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നിയമനാധികാരി വരുത്തേണ്ടതും, ആയത് വകുപ്പ്

മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**16.** ഭാവിയിൽ, സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ, വകുപ്പ് തല അന്വേഷണത്തിലോ കുമാരി.നീതു ശശി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനത്തിന് സമർപ്പിച്ച സമയത്ത് തെറ്റായ വിവരം നൽകിയതായോ യഥാർത്ഥ വിവരം മറച്ചു വെച്ചതായോ ബോധ്യപ്പെട്ടാൽ ടിയാളുടെ നിയമനം സർക്കാർ സ്വമേധയാ റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സിനി .ജെ .ഷുക്കൂർ**
**അഡിഷണൽ സെക്രട്ടറി**

കുമാരി.നീതു ശശി,മുള്ളികല നികുഞ്ചം,ആർഷ നഗർ,ഹൗസ് നമ്പർ 155 A,കാവനാട് പി.ഒ,കൊല്ലം- 691 003 (By Registered Post with A/D)
അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, ആലപ്പുഴ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ),തിരുവനന്തപുരം
പൊതുഭരണ (CE Cell) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(F2/140/2022-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari L
Date: 13-02-2024 16:24:40
സെക്ഷൻ ഓഫീസർ